**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നോക്ക സമുദായ വികസന വകുപ്പിന് കീഴിൽ പുതുതായി ആരംഭിച്ച മേഖലാ ഓഫീസുകളിൽ അനുവദിച്ച 10 തസ്തികകളിൽ, 7 തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പിന്നോക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ ( സാധാ) നമ്പർ. 64/2014/പിസവിവ. തീയതി, തിരുവനന്തപുരം, 05/08/2014

പരാമർശം : -
1. സ. ഉ (എം.എസ്) നമ്പർ. 07/ 2014/പിസവിവ തീയതി 12/03/2014.
2. പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 04.07.2014-ലെ BCDD/A1/580/14 നമ്പർ കത്ത്.
3. പട്ടികജാതി വികസസന വകുപ്പ് ഡയറക്ടറുടെ 28.05.2014-ലെ എസ്റ്റാ.എ 1-10840/2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പിന്നോക്ക സമുദായ വികസന വകുപ്പിന്റെ കീഴിൽ എറണാകുളത്തും കോഴിക്കോട്ടും മേഖലാ ഓഫീസുകൾ ആരംഭിച്ച് കൊണ്ടും അതിനായി 10 പുതിയ തസ്തികകൾ സൃഷ്ടിച്ച് കൊണ്ടും പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി മേഖലാ ഓഫീസുകളിൽ അനുവദിച്ച തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷിച്ചിട്ടുള്ള ജീവനക്കാരുടെ പ്രൊപ്പോസൽ പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം ലഭ്യമാക്കിയിരുന്നു. പിന്നോക്ക സമുദായ വികസന വകുപ്പിൽ ആവശ്യമായ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പട്ടികജാതി വികസന വകുപ്പിൽ നിന്ന് നിയമിയ്ക്കുന്ന പക്ഷം ടി ജീവനക്കാരെ വിട്ടുതൽ ചെയ്യുന്നതിന് തടസ്സമില്ല എന്ന് പരാമർശം 3 പ്രകാരം ആ വകുപ്പ് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന 7 ജീവനക്കാരെ അതോടൊപ്പം രേഖപ്പെടുത്തിയിട്ടുള്ള തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ KSR ഭാഗം 1-ലെ റൂൾ 144 പ്രകാരം ഉള്ള വ്യവസ്ഥകൾക്ക് വിധേയമായി ഈ ഉത്തരവ് തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് പിന്നോക്ക സമുദായ വികസന വകുപ്പിന് കീഴിൽ പുതുതായി ആരംഭിച്ച മേഖലാ ഓഫീസുകളിൽ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം. | പേര് , ഇപ്പോഴത്തെ തസ്തികയും ഓഫീസ് മേൽവിലാസവും | ശമ്പള നിരക്ക് | നിയമിക്കുന്ന തസ്തിക |
|---|---|---|---|
| 1 | മുരളീധരൻ. കെ.ബി, ഡെപ്യൂട്ടി ഡയറക്ടർ, നോർത്തേൺ റീജിയൻ, പട്ടികജാതി വികസന വകുപ്പ് | 24040-38840 | ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം |
| 2 | മണിഭൂഷൺ.എ, ഡെപ്യൂട്ടി ഡയറക്ടർ, ആന്ത്രോപ്പോളജി, കിർത്താഡ്സ് | 24040-38840 | ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് |
| 3 | ഷിബു ആർ, സീനിയർ സൂപ്രണ്ട്, ശ്രീ അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളായനി | 18740-33680 | സീനിയർ സൂപ്രണ്ട് , എറണാകുളം |

| | | | |
|---|---|---|---|
| 4 | പ്രബിൻ.ബി, ക്ലർക്ക് , പട്ടികജാതി വികസന വകുപ്പ് ഓഫീസ് , പാലക്കാട് | 9940-16580 | ക്ലർക്ക്, എറണാകുളം |
| 5 | റോഫിൻ. കെ.ആർ, ക്ലർക്ക് , പട്ടികജാതി വികസന വകുപ്പ് ഓഫീസ് , മലപ്പുറം | 9940-16580 | ക്ലർക്ക്, എറണാകുളം |
| 6 | സുനീഷ് ഡാൻ തോമസ്, പട്ടികജാതി വികസന വകുപ്പ് ഓഫീസ് , ഇടുക്കി | 8500-13210 | ഓഫീസ് അറ്റന്റന്റ് , എറണാകുളം |
| 7 | സക്കീബ് കൊന്നാലാത്ത് ,പ്രീമെട്രിക് ഹോസ്റ്റൽ, അഴീക്കോട് | 8500-13210 | ഓഫീസ് അറ്റന്റന്റ് , കോഴിക്കോട് |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം ,
**എൻ. ജയ് സുഖ് ലാൽ**
ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്, അയ്യങ്കാളി ഭവൻ,കനക നഗർ,
വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ,കനക നഗർ,
വെള്ളയമ്പലം, തിരുവനന്തപുരം.
എല്ലാ അപേക്ഷകർക്കും (പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : കിർത്താഡ്സ് ഡയറക്ടർ,
ചേവായൂർ, കോഴിക്കോട് - 17.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ